...02/06/2020



19/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1801(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.12870/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. രമേഷ് പി.സി.,
പല്ലിശ്ശേരി ഹൗസ്,
അന്തിമഹകാളൻകാവ്,,
ചേലക്കര പി.ഒ., തൃശ്ശൂർ - 680 586. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജനറൽ ആശുപത്രി,
   തൃശ്ശൂർ.
2. അപ്പീൽ അധികാരി &
   സൂപ്രണ്ട്,
   ജനറൽ ആശുപത്രി,
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 20.7.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 5.8.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 9.9.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.10.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.10.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.11.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 19.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രമേഷ് പി.സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, മറ്റൊരു വ്യക്തിയുടെ ചികിത്സ സംബന്ധമായ വിവരം കൊടുക്കാൻ കഴിയുന്നതല്ലെന്നും ആ വ്യക്തി തന്നെ നേരിട്ട് അപേക്ഷയിക്കുകയാണെങ്കിൽ മാത്രമേ വിവരങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ എന്നുമാണ് എതിർകക്ഷികൾ അറിയിച്ചത് എന്നും മറ്റുമാണ്.

2 ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. ചേലക്കര പല്ലിശ്ശേരി രമേഷിന്റെ ഭാര്യ അനു ടി. എം. നെ കൗൺസിലിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം എന്നും
ii. ആയതിന്മേൽ എന്തെല്ലാം നടപടി ക്രമങ്ങൾ ഭൂമികയുടെ തൃശ്ശൂർ യൂണിറ്റ് ചെയ്തു എന്നും
iii. മേൽപ്പടി സംഭവങ്ങളുടെ വിശദ വിവരങ്ങൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രഹസ്യ സ്വഭാവം ഉള്ളതിനാൽ മറ്റു വ്യക്തികൾക്ക് കൈമാറാൻ സാധിക്കുന്നതല്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും ടിയാന്റെ ഭാര്യക്ക് ഭൂമികയിൽ നടത്തിയ കൗൺസിലിംഗിന്റെ വിവരമാണ് ടിയാൻ ആവശ്യപ്പെട്ടത് എന്നും ആയതിനാൽ ടിയാനെ മറ്റു വ്യക്തികളുടെ ഗണത്തിൽപ്പെടുത്തിയത് ഒട്ടും ശരിയല്ലെന്നും 3 കുട്ടികൾ ഉള്ള ടിയാന്റെ കുടുംബ ബന്ധം പുന:സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനും വേണ്ടിയാണ് മേൽപ്പടി വിവരങ്ങൾ ആവശ്യപ്പെട്ടത് എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, മറ്റൊരു വ്യക്തിയുടെ ചികിത്സ സംബന്ധമായ വിവരങ്ങൾ നൽകുവാൻ കഴിയുന്നതല്ലെന്നും ബന്ധപ്പെട്ട വ്യക്തിതന്നെ നേരിട്ട് അപേക്ഷിക്കുകയാണെങ്കിൽ മാത്രമേ അത്തരം വിവരങ്ങൾ നൽകാൻ നിർവ്വാഹമുള്ളൂ എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും എതിർകക്ഷികൾ നൽകിയിട്ടുള്ള മറുപടികൾ നിയമാനുസൃതമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. മേൽപ്പടി വിവരങ്ങൾ ഒരാളുടെ ചികിത്സയുമായി ബന്ധപ്പെട്ടതാകയാൽ ആയത് മറ്റൊരാൾക്ക് നൽകുന്നത് വിവരാവകാശ നിയമ പ്രകാരം ശരിയായ നടപടി അല്ല. വിവരാവകാശ നിയമം 8 (1)(j) വകുപ്പു പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 19-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk